**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2851**
**സി പിരിവിനുള്ള മറുപടി**

**ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി**

**ചോദ്യം :**
**ശ്രീ. ടി.വി.ഇബ്രാഹിം**

**മറുപടി :**
**പിണറായി വിജയൻ**
**(മുഖ്യമന്ത്രി)**

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും പുതുതായി ഏർപ്പെടുത്തുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും കുറഞ്ഞ ചെലവിൽ മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിന് G.O(P) No. 54/2017/Fin dated 24/04/2017 പ്രകാരം ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കി. |
| (ബി | പ്രസ്തുത പദ്ധതിയ്ക്ക് വേണ്ടി സംസ്ഥാന സർക്കാർ ഒരു വർഷം ചെലവഴിക്കാൻ ഉദ്ദേശിക്കുന്ന തുക എത്രയെന്ന് അറിയിക്കാമോ; | ടെൻഡർ നടപടികളിലൂടെ ഇൻഷ്വറൻസ് കമ്പനിയെ നിശ്ചയിച്ച് കഴിഞ്ഞതിനു ശേഷം മാത്രമേ തുക സംബന്ധിച്ച വ്യക്തത കൈവരുകയുള്ളൂ. |
| (സി) | സർക്കാർ ജീവനക്കാർ, അദ്ധ്യാപകർ എന്നിവർക്കായി 2016-17 സാമ്പത്തിക വർഷം മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് ഇനത്തിൽ ചെലവാക്കിയ തുക എത്രയെന്ന് അറിയിക്കാമോ; | 2016-17 സാമ്പത്തിക വർഷം സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് ഇനത്തിൽ വിവിധ വകുപ്പുകൾ ലഭ്യമാക്കിയ ധന വിനിയോഗ കണക്കുകൾ പ്രകാരം 43.35 കോടി രൂപ ചെലവായിട്ടുണ്ട്. |
| (ഡി) | സർക്കാർ ജീവനക്കാർ, അദ്ധ്യാപകർ എന്നിവർക്കായി ഏർപ്പെടുത്തുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിക്ക് ഏതെങ്കിലും തരത്തിലുള്ള കേന്ദ്രസഹായം ലഭിക്കുന്നുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ; | ഇല്ല. |

**സെക്ഷൻ ഓഫീസർ**